**ജൂൺ 20-21-തീയതികളിൽ മരിയാറാണി ട്രെയിനിംഗ് സെന്റർ -തിരുവനന്തപുരത്ത് വെച്ച് കൂടിയ ജെൻഡർ ടീം മീറ്റിംഗ് മിനുട്സ്**

കുടുംബശ്രീ നടപ്പിലാക്കുന്ന ജെൻഡർ പ്രവർത്തനങ്ങളുടെ രൂപീകരണവും നിർവഹണവും മേൽനോട്ടവും നടത്തുന്ന ജെൻഡർ ടീം അംഗങ്ങളുടെ യോഗം പുതിയ പദ്ധതികളുടെ രൂപീകരണത്തിനും നടത്തിയ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനുമായി ചേർന്നു.

ആദ്യ ദിവസം എറണാകുളം ജില്ലയിലെ സേക്രട്ട്ഹാർട്ട് കോളേജിലെ പ്രൊഫസർ ശ്രീമതി ആശാ തോമസ്, സാമൂഹ്യ പ്രവർത്തകനായ ശ്രീ സന്തോഷ് എന്നിവരുടെ നേതൃത്വത്തിലുള്ള് ചർച്ച നടന്നു.

തുടർന്ന് ജില്ലകൾ ചുവടേ സൂചിപ്പിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് അവതരണം നടത്തുകയും പ്രോഗ്രാം മാനേജർ പ്രവർത്തനങ്ങളെ വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1. വൾണറബിലിറ്റി മാപ്പിംഗ് പ്രവർത്തനത്തിനോടനുബന്ധമായി രൂപീകരിക്കപ്പെട്ട് പഞ്ചായത്തുകൾക്ക് സമർപ്പിക്കപ്പെട്ട പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ.
2. വിജിലന്റ് ഗ്രൂപ്പ് രൂപീകരണത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ
3. വാർഡ് തല സംഗമം പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ
4. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്- ജില്ലാ തല ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പ്, കെട്ടിടം കണ്ടെത്തൽ എന്നിവ സംബന്ധിച്ച നിലവിലെ അവസ്ഥ
5. മൈഗ്രേഷൻ സെന്ററുകളാക്കി മാറ്റുന്നതിനായി അഞ്ച് ജെൻഡർ കോർണറുകളെ കണ്ടെത്തുക
6. ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത- സി ഡി എസ് ബ്ലോക്ക് തലങ്ങളിൽ
7. ബ്ലോക്ക് തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററുകൾ
8. വൾണറബിലിറ്റി മാപ്പിംഗ് രണ്ടാംഘട്ടം- പത്ത് സി ഡി എസ്സുകൾ തിരഞ്ഞെടുക്കുക. തിരഞ്ഞെടുത്തതിനുള്ള കാരണം
9. ജില്ലകളിൽ നടപ്പിലാക്കിയ/ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ
10. ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് പദ്ധതിയുടെ നിലവിലെ അവസ്ഥ- ഐ ജി പി- വി ആർ എഫ്

ജില്ലകളുടെ അവതരണത്തിന് ശേഷം വിജിലന്റ് ഗ്രൂപ്പ് രൂപീകരണം, മൈഗ്രേഷൻ സെന്ററുകളുടെ രൂപീകരണം, ജെൻഡർ റിസോഴ്സ് സെന്റർ എന്നീ വിഷയങ്ങൾ ചർച്ചചെയത് ആവശ്യമായ

നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായും, ജെൻഡർ സെൽഫ് ലേണിംഗ് പദ്ധതി അയൽക്കൂട്ട തലങ്ങളിൽ ഒരു നിരന്തര പ്രക്രിയയാക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായും ജെൻഡർ ടീമിനെ രണ്ട് ഗ്രൂപ്പുകളാക്കി മാറ്റി റിപ്പോർട്ട് നൽകുന്നതിനായി നിയോഗിച്ചു.

രണ്ടാം ദിനം രാവിലെ രണ്ട് ഗ്രൂപ്പുകളും ചർച്ചയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ റിപ്പോർട്ടാക്കി അവതരിപ്പിച്ചു.

ചർച്ചയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി ജില്ലകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കുലർ രൂപത്തിൽ നൽകുന്നതിന് ധാരണയായി.

തുടർന്ന് വൾണറബിലിറ്റി മാപ്പിംഗ് പദ്ധതിയുടെ അവസാനഘട്ട കരട് റിപ്പോർട്ട് സംബന്ധിച്ചുള്ള വിലയിരുത്തലുകൾ ജില്ല തിരിച്ച് നടത്തുകയും ഓരോ ജില്ലയിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ പോരായ്മ പ്രത്യേകം അറിയിക്കുകയും റിപ്പോർട്ട് പൂർണ്ണതയിലെത്തിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ റിപ്പോർട്ട് ജൂൺ 27 മുൻപായി സമർപ്പിക്കാൻ ജില്ലകളോട് ആവശ്യപ്പെട്ടു.

ജില്ലകൾ നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളിൽ ജെൻഡർ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എല്ലാ മാസവും ഓരോ വിഷയങ്ങൾ വീതം അൽക്കൂട്ടങ്ങൾക്ക് നൽകുക. നൽകുന്ന വിഷയങ്ങൾക്കനുസൃതമായി ചർച്ചകൾ, സംവാദങ്ങൾ, ഫോക്കസ് ഗ്രൂപ്പ് ഡിസ്ക്കഷൻ/സ്കിറ്റ്/തെരുവ് നാടകം മറ്റ് സമാന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കാമെന്ന് തീരുമാനമായി ഇതിന്റെ അടിസ്ഥാനത്തിൽ ഒൻപത് ജില്ലകളിലെ കൺസൾട്ടന്റുമാർക്ക് ഓരോ വിഷയം നൽകി അതിന്റെ അടിസ്ഥാനത്തിൽ വിവരണങ്ങൾ തയ്യാറാക്കി ചർച്ചക്കുള്ള സൂചകങ്ങളും തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടു.

| നം | വിഷയങ്ങൾ | ചുമതല |
|---|---|---|
| 1 | സ്ത്രീകളും ഭരണ നിർവഹണവും | ബീന. ആർ- കൊല്ലം |
| 2 | സ്ത്രീകളും നവമാധ്യമങ്ങളും | ഷൈൻ ടി മണി- എറണാകുളം |
| 3 | കേരള ചരിത്രത്തിലെ സ്ത്രീ സാന്നിദ്ധ്യങ്ങൾ | അനൂപ ആർ- പത്തനംതിട്ട |
| 4 | കലാസാംസ്കാരിക രംഗത്തെ സ്ത്രീ പ്രാതിനിധ്യം | വിനോജി ടി കെ- ഇടുക്കി |
| 5 | വായനയും സ്ത്രീയും | മോൾജി ഖാലിദ്- ആലപ്പുഴ |
| 6 | സ്ത്രീകളും സാമ്പത്തിക ശാക്തീകരണവും പരിണിത | ഉഷാദേവി ഇ എസ്- കോട്ടയം |

| | | |
|---|---|---|
| | ഫലങ്ങളും | |
| 7 | സ്ത്രീകളുടെ വിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തവും | മോനിഷ യു- തൃശ്ശൂർ |
| 8 | കുടുംബത്തിലെ ജനാധിപത്യവും കുടുംബ ബഡ്ജറ്റും | രജിത ടി- കോഴിക്കോട് |
| 9 | പ്രാദേശിക വികസനത്തിൽ സ്ത്രീകളുടെ പങ്ക് | അനിത ടി കെ- തിരുവനന്തപുരം |

തുടർന്ന് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിച്ച് നൽകി. പ്രസ്തുത പ്രവർത്തനങ്ങൾക്കനുസൃതമായി ജില്ലാ തല ആക്ഷൻപ്ലാൻ തയ്യാറാക്കി നൽകാൻ ജില്ലകളോട് ആവശ്യപ്പെട്ടു.

തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ടീം അംഗങ്ങളുമായി പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലാതലത്തിൽ പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ജില്ലാ ടീമിനോടാവശ്യപ്പെട്ടു. എല്ലാ സി ഡി എസ്സിലേയും ഓരോ വാർഡിലും പത്ത് വീടുകളെങ്കിലും വളരെ പ്രത്യക്ഷമായ ഒരു മാറ്റം കാണത്തക്ക പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.ഇതിനായി പത്ത് ലക്ഷം രൂപ ജില്ലയ്ക്കായി അനുവദിക്കുന്നതാണ്.

വൾണറബിലിറ്റി മാപ്പിംഗ് രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ റിസോഴ്സ്പേഴ്സൺമാർക്ക് മേഖല അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതിന് തീരുമാനിച്ചു. എല്ലാ ജില്ലയിൽ നിന്നും നിലവിൽ പരിശീലനം ലഭിച്ചിട്ടില്ലാത്ത രണ്ട് കോർ ടീം അംഗങ്ങൾ, തിരഞ്ഞെടുത്ത സി ഡി എസ്സിൽ നിന്നുള്ള രണ്ട് വീതം റിസോഴ്സ്പേഴ്സൺമാർ എന്നിവരായിരിക്കണം പരിശീലനത്തിൽ പങ്കെടുക്കേണ്ടത്. ജില്ലാ റിസോഴ്സ്പേഴ്സൺമാരായി പ്രവർത്തിച്ച് പരിചയമുള്ളവരുണ്ടെങ്കിൽ അവരെ സി ഡി എസ് ആർ പിയായി പരിഗണിക്കുന്നതായിരിക്കും ഉചിതം. മറ്റ് ജില്ലാതലത്തിലുള്ള റിസോഴ്സ്പേഴ്സൺമാരുടെ സേവനം പദ്ധതികളുടെ വിവിധഘട്ടങ്ങളിൽ ആവശ്യാനുസരണം ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രാപ്തി വർദ്ധനവ് ലഭിച്ച റിസോഴ്സ്പേഴ്സൺമാരെ തുടർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും വാർഡ് തലത്തിൽ മൂന്ന് വാർഡുകളുടെ ചുമതല ഒരു റിസോഴ്സ് പേഴ്സണ് നൽകുകയും സന്നദ്ധസേവനത്തിനായി ഓരോ വാർഡിലും സാമൂഹ്യ സാംസ്കാരിക രംഗത്ത് പ്രവർത്തി പരിചയമുള്ള പത്ത് പേരെ കണ്ടെത്തുകയും വേണം.

പ്രവർത്തന വിശദീകരണകുറിപ്പ് പിന്നീട് നൽകുന്നതായിരിക്കും.

ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി ബ്ലോക്ക് പഞ്ചായത്ത്/പഞ്ചായത്ത് പ്രതിനിധികളെ സന്ദർശിക്കുകയും സെന്ററിന്റെ പ്രവർത്തനങ്ങളെകുറിച്ചും ആവശ്യകതയെ കുറിച്ചും അവരെ ബോധ്യപ്പെടുത്താനും

ശ്രമിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.

മൈഗ്രേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഡി ഡി യു ജി കെ വൈ പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഒരു ഗൈഡൻസ് സെൽ എന്നതിലുപരി കൃത്യമായ കർമ്മ പദ്ധതി അതത് മാസത്തിലേക്കായി തയ്യാറാക്കി അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും വേണം. ജനപ്രതിനിധികൾ, സി ഡി എസ് മെമ്പർമാർ, കമ്മ്യൂണിറ്റി കൗൺസിലർമാർ, റിസോഴ്സ്പേഴ്സൺമാർ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനങ്ങൾ ജെൻഡർകോർണർ/മൈഗ്രേഷൻ സെന്ററിന്റെ ഊർജ്ജസ്വലമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

2017– 18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ കുടുംബശ്രീ വെബ്സൈറ്റിൽ അതത് സമയങ്ങളിൽ ചേർക്കേണ്ടതാണ്. കൂടാതെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ടുകളും ഗൂഗിൾ ഡ്രൈവ് ഫോർമാറ്റിൽ ആവശ്യമായ വിവരങ്ങളും സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്. പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ ലഭ്യമാകുന്ന റിപ്പോർട്ടുകളുടെ പങ്ക് നിർണ്ണായകമായിരിക്കും.

ജില്ലകളിൽ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ ആക്ഷൻ പ്ലാൻ സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതുണ്ട്. ഇതിന്റെ കൂടെ അടിസ്ഥാനത്തിലായിരിക്കും ജില്ലകൾക്ക് ആവശ്യമായ ഫണ്ടുകൾ അനുവദിച്ച് നൽകുക.

നിലവിലെ സമൂഹത്തിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ തരത്തിലുള്ള അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെയും ജെൻഡർ പ്രവർത്തനങ്ങളുടെയും നിലവിലെ സേവന സംവിധാനങ്ങളെ സംബന്ധിച്ച പ്രചരണവും ലക്ഷ്യമിട്ടുകൊണ്ട് അയൽക്കൂട്ടതലം വരെ വ്യാപിക്കുന്ന ഒരു ക്യാംപെയിൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ ക്യാംപെയിൻ ഉപയോഗപ്പെടുത്താം. ഈ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ മുഴുവൻ ജില്ലകളും ബഡ്ജറ്റ് ഉൾപ്പെടെ പ്രൊപ്പോസൽ സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

*പ്രധാന തീരുമാനങ്ങൾ*

- ***വൾണറബിലിറ്റി മാപ്പിംഗ് ആദ്യഘട്ട റിപ്പോർട്ട് ജൂലൈ പത്തിന് മുൻപായി സംസ്ഥാന മിഷനിൽ സമർപ്പിക്കുക.***
- ***വൾണറബിലിറ്റി മാപ്പിംഗ് പദ്ധതിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പ്രോജക്ടുകൾ അവയുടെ നിലവിലെ അവസ്ഥ എന്നിവ സംസ്ഥാന മിഷനിൽ ജൂലൈ 15ന് മുൻപായി സമർപ്പിക്കുക***

- വൾണറബിലിറ്റി മാപ്പിംഗ് രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്ന 140 സി ഡി എസ്സുകളിൽ ആദ്യഘട്ട ഓറിയന്റേഷൻ പരിശീലനം നടത്തുക
- വൾണറബിലിറ്റി മാപ്പിംഗ് കമ്മ്യൂണിറ്റി കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയ വകയിൽ അനുവദിക്കപ്പെടാനുള്ള തുക എത്രയും പെട്ടെന്ന് ക്രമീകരിക്കേണ്ടതാണ്.
- ഒരു ജില്ലയിൽ അഞ്ച് ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കേണ്ടതാണ്. ബ്ലോക്ക് തല കമ്മ്യൂണിറ്റി കൗൺസിലിംഗ് സെന്ററായി ഇതിനെ ഉപയോഗപ്പെടുത്താവുന്നതാണ്. ജൂലൈ 30 നകം
- എല്ലാ ജില്ലകളിലും അഞ്ച് വീതം മൈഗ്രേഷൻ സെന്ററുകൾ ആരംഭിക്കേണ്ടതുണ്ട്.
- സ്ത്രീപദവി സ്വയംപഠനപ്രക്രിയയുടെ ഭാഗമായുള്ള ചർച്ചകളും പ്രവർത്തനങ്ങളും അയൽക്കൂട്ട തലങ്ങളിൽ നടക്കേണ്ടതാണ്.
- ജില്ലാതല നൂതന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്
- സംസ്ഥാന തലത്തിൽ നടത്താനുദ്ദേശിക്കുന്ന ക്യാംപെയിൻ സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന മിഷനിൽ സമർപ്പിക്കുക.
- കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രവർത്തനം ജില്ലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

  ജില്ലകളിൽ നിലവിലുള്ള റിസോഴ്സ്പേഴ്സൺമാർ കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തിക്കൊണ്ട് നടപ്പിലാക്കുക.

  ഫണ്ട് വിഭജനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ

അംഗീകാരത്തോടെ

പ്രോഗ്രാം മാനേജർ (ജി&ബി)